"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡബ്ല്യൂ.എം3/400/2024-ത.സ്വ.ഭ.വ
തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-01-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാദിയായി വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ ബന്ധപ്പെട്ട കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ ഹാജരാകുന്നതിന് അധികാരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- സ ഉ(സാധാ.) നം. 243/2025/HOME തീയതി, 24/01/2025

*********************

കേരള പഞ്ചായത്ത് രാജ്, നഗരപാലിക നിയമഭേദഗതികളുടെ പശ്ചാത്തലത്തിൽ നിയമങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിന് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കക്ഷിയായ സിവിൽ കേസുകളിൽ സ്റ്റാൻഡിംഗ് കൗൺസിലുകൾക്ക് ഹാജരാകാൻ കഴിയുമെങ്കിലും മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ സ്റ്റാൻഡിംഗ് കൗൺസിലുകൾക്ക് ഹാജരാകാൻ നിലവിൽ വ്യവസ്ഥ ഇല്ലായിരുന്നു.

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാദിയായി വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ അതാത് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറക്ക് ഹാജരാകുന്നതിന് അധികാരപ്പെടുത്തിക്കൊണ്ട് സൂചന പ്രകാരം സർക്കാർഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാദിയായി വരുന്ന മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ, കേസുകളുടെ നടത്തിപ്പിന്, ബന്ധപ്പെട്ട കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സേവനം, സൂചന(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തേടേണ്ടതാണ്.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 27-01-2025 13:59:33

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ആഭ്യന്തര വകുപ്പ് ((E-2953090 പ്രകാരം)
നിയമവകുപ്പ്
വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി (E-2938404 )